**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 864** **09-10-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി പ്രവൃത്തികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | മഞ്ചേരി നിയോജക മണ്ഡലത്തിൽ നിന്നും 2016-17 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട ആമയൂർ ചക്കിങ്ങൽക്കണ്ടി നഗർ, ഏറാഞ്ചേരി നഗർ, 2019-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട ആര്യംപാടം കുറുങ്കാട്ടുകുന്ന് പട്ടികജാതി നഗർ എന്നീ പട്ടികജാതി നഗറുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തെ പദ്ധതിയിലുൾപ്പെട്ട പാക്കരത്ത് പട്ടികജാതി നഗറിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ആനക്കോട് കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| (ബി) | നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാത്ത അംബേദ്കർ ഗ്രാമം പദ്ധതികളിലെ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | മറുപടി (എ ) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | കീഴാറ്റൂർ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കാമോ; | (സി) | കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ തച്ചിങ്ങനാടം പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് PWD തയ്യാറാക്കിയ 3.50 കോടിയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി മണ്ഡലത്തിൽ അനുവദിക്കപ്പെട്ട അംബേദ്കർ ഗ്രാമം പദ്ധതികളും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രവൃത്തികളും ഏതൊക്കെയാണ്; അവയുടെ നിലവിലെ പുരോഗതി എന്താണ്; വിശദമാക്കാമോ? | (ഡി) | 2021-22 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെട്ട പാക്കരത്ത് പട്ടികജാതി നഗറിന്റെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആനക്കോട് കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മഞ്ചേരി മണ്ഡലത്തിൽ അനുവദിക്കപ്പെട്ട കോർപ്പസ് ഫണ്ട് പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | പദ്ധതി | വർഷം | അടങ്കൽ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | കോവിലകം കുണ്ട് എസ് സി നഗർ പാത്ത് വേ (മഞ്ചേരി നഗരസഭ) | 2021-22 | 796000 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | നാലുകെട്ട് പുരക്കൽ എസ് സി നഗർ സംരക്ഷണഭിത്തി (മഞ്ചേരി നഗരസഭ) | 2021-22 | 1830000 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | ചേർത്തൊടി പള്ളിക്കുത്ത് എസ് സി നഗർ നടപ്പാത നിർമ്മാണം (വാർഡ് 18, കീഴാറ്റൂർ ഗ്രാമപഞ്ചായത്ത്) | 2021-22 | 900000 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | മണ്ണാൻ എസ് സി നഗർ കുടിവെള്ള പദ്ധതി (മഞ്ചേരി നഗരസഭ) | 2021-22 | 600000 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | മാനീരിപ്പറമ്പ് എസ് സി നഗർ ഭവന സുരക്ഷയും റോഡ് കോൺക്രീറ്റും | 2022-23 | 2101000 | 3 കുടുംബങ്ങൾ സ്ഥലം വിട്ടു. നൽകാത്തത് മൂലം വർക്ക് താൽക്കാലികമായി നിർത്തി വെച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 6 | തെച്ചിക്കുന്ന് എസ് സി നഗർ റോഡ് കോൺക്രീറ്റിംഗ് (പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്) | 2023-24 | 931000 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. 23.09.2024 ന് ചേർന്ന ജില്ലാ സമിതി യോഗത്തിൽ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 7 | കാളിയാർത്തൊടി എസ് സി നഗർ സംരക്ഷണഭിത്തി നിർമ്മാണം (മഞ്ചേരി നഗരസഭ) | 2023-24 | 495000 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. 23.09.2024 ന് ചേർന്ന ജില്ലാ സമിതി യോഗത്തിൽ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | മുതുകുളം എസ് സി | | | പ്രവൃത്തി ആരംഭിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| 8 | നഗർ സംരക്ഷണഭിത്തി നിർമ്മാണം (മഞ്ചേരി നഗരസഭ) | 2023-24 | 1600000 | 23.09.2024 ന് ചേർന്ന ജില്ലാ സമിതി യോഗത്തിൽ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 9 | ഉത്തലക്കൽ നഗർ പൈപ്പ് ലൈൻ നീട്ടി കണക്ഷൻ നൽകുന്ന പ്രവൃത്തി (മഞ്ചേരി നഗരസഭ) | 2023-24 | 410000 | പ്രവൃത്തി ആരംഭിച്ചിട്ടില്ല. 23.09.2024 ന് ചേർന്ന ജില്ലാ സമിതി യോഗത്തിൽ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |